**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3802** **27-10-2021 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നും പെരുമ്പാവൂർ മണ്ഡലത്തിൽ ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എത്ര രൂപ പെരുമ്പാവൂർ മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | മണ്ഡലം തിരിച്ചുള്ള കണക്കുകൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ബി) | കോവിഡ് മൂലം കുടുംബത്തിലെ എല്ലാ അംഗങ്ങളും മരണപ്പെട്ട സിനി എന്ന നഴ്സിന് ദുരിതാശ്വാസനിധിയിൽ നിന്നുള്ള സഹായത്തിനുവേണ്ടി പെരുമ്പാവൂർ എം.എൽ.എ. സമർപ്പിച്ച അപേക്ഷയിൽ എന്ത് നടപടിയാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ? | (ബി) | ശ്രീമതി സിനിയുടെ അപേക്ഷ പരിഗണിച്ച് സഹായഹസ്തം പദ്ധതി മുഖേനയുള്ള സ്വയംതൊഴിൽ അനുവദിക്കുന്നതിനുള്ള നടപടികൾ ജില്ലാ വനിതാ ക്ഷേമ കാര്യാലയത്തിൽ നടന്നുവരുന്നതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ഇവരുടെ കുടുംബത്തിലെ കോവിഡ് മരണത്തിൽ കോവിഡ്-19 ജാഗ്രത പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തതിനാൽ അപേക്ഷയോട് ബന്ധപ്പെട്ട പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് വില്ലേജ് ഓഫീസർ മുഖാന്തരം അറിയിപ്പ് നൽകിയിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതരുടെ വിഷയത്തിൽ വളരെ അനുതാപമായ സമീപനമാണ് സർക്കാർ കൈകൊണ്ടിട്ടുള്ളത്. കോവിഡ്-19 ബാധിച്ച് മാതാ പിതാക്കൾ രണ്ട് പേരും മരണപ്പെട്ട എല്ലാ കുട്ടികൾക്കും വനിതാ ശിശു വികസന വകുപ്പിന്റെ ഫണ്ടിൽ നിന്നും 2000 രൂപ വീതം കുട്ടിക്ക് 18 വയസ്സ് ആകുന്നത് വരെ കുട്ടിയുടെയും കുട്ടിയുടെ ഇപ്പോഴത്തെ രക്ഷിതാവിന്റെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിലേക്ക് മാസം തോറും നിക്ഷേപിക്കുന്നതിനും അപ്രകാരം അനാഥരാക്കപ്പെട്ട കുട്ടികളുടെ പേരിൽ 2 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപം തുടങ്ങുന്നതിനും, കൂടാതെ പ്രസ്തുത കുട്ടികളുടെ ബിരുദതലം വരെയുള്ള പഠന ചെലവുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതിനും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ഏറ്റവും അടുത്ത ബന്ധുവിന് 50000 രൂപ ധന സഹായം നൽകുന്നതിന് ദേശീയ ദുരന്തര നിവാരണ ആതോറിറ്റിയുടെ നിർദ്ദേശം കേരത്തിലും |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്. കോവിഡ് ബാധിച്ച് മരണപ്പെട്ട വ്യക്തിയെ ആശ്രയിച്ച് കഴിയുന്ന ബിപിഎൽ കുടുംബങ്ങൾക്ക് പ്രതിമാസം 5000 രൂപ വീതം 3 വർഷത്തേയ്ക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ